ശ്രീ. സി. വി. ഇയ്യു : കൊച്ചിയിൽ കഴിഞ്ഞ മൂന്നു കൊല്ലത്തിനിടക്ക് അകമായി ഇൻഡസ്ട്രിയൽ ലോൺസ് ആക്കെങ്കിലും കൊടുത്തിട്ടുള്ളതായിട്ട് അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : കൊടുത്തിട്ടുണ്ട്. കൊച്ചിൻ മാല്യബിലസ് എന്ന കമ്പനിക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. സി. വി. ഇയ്യു : അഴകപ്പ ടെക്സ്റ്റൈൽസ് കമ്പനിക്ക് ലോൺ കൊടുത്തിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഉണ്ട്.

ശ്രീ. മാന്നാർ ഗോപാലൻനായർ : ഈ ബാലരാമവർമ്മ ടെക്സ്റ്റയിൽസ് മുമ്പ് തിരുവനന്തപുരത്തു സ്ഥാപിച്ചു പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഒരു കമ്പനിയല്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതേപ്പറ്റി എനിക്കറിഞ്ഞു കൂടാ.

ശ്രീ. മാന്നാർ ഗോപാലൻ നായർ : ആ കമ്പനി തിരുവനന്തപുരത്തു പ്രവർത്തനം നടത്തിക്കൊണ്ടിരുന്നതും ഇപ്പോൾ പ്രവർത്തനം മുടക്കിയിരിക്കയാണെന്നും അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അറിഞ്ഞുകൂടാ.

ശ്രീ. ആർ. ശങ്കർ : ഈ ഇൻഡസ്ട്രിയൽ ലോൺ കൊടുത്തിട്ടുള്ള കമ്പനികൾ എല്ലാം ഗവർമ്മെണ്ടിലേക്ക് അടയ്ക്കേണ്ട തുകകൾ ശരിയായി അടയ്ക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ചില കമ്പനികൾ അടയ്ക്കാതെയുണ്ട്.

ശ്രീ. ആർ. ശങ്കർ : അങ്ങിനെ എത്ര കമ്പനികൾ പണം ശരിയായി അടയ്ക്കാതെ മുടക്കം വരുത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതേപ്പറ്റി ഇപ്പോൾ പറയാൻ നിവർത്തിയില്ല.

ശ്രീ. എ. താണുപിള്ള : ഫൻ ഒ ഠ–ൽ ഗവർമ്മെണ്ടിൽ നിന്നും എത്ര രൂപാ ഈ ഇൻഡസ്ട്രീസിനു് ലോണായി കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിന്റെ കണക്കു ഇപ്പോൾ എന്റെ കൈവശമില്ല.

നെയ്ത്തു തൊഴിൽ

*വ്യവ. (ഫ) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) നെയ്ത്തുതൊഴിലിനെ അഭിവൃദ്ധിപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി ഇതേവരെ എന്തുചെയ്തിട്ടുണ്ട്;

(ബി) കൈത്തറി നെയ്ത്തുകാർക്കു നൂൽ കിട്ടുന്നതിനു് വിലക്കുമതകൂടി നേരിടുന്നതു് എന്തുകൊണ്ടാണു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ചില തുണിത്തരങ്ങൾ കൈത്തറിയിൽ മാത്രമേ ഉണ്ടാക്കാവു എന്നു് കേന്ദ്രഗവർമ്മെണ്ടു് വ്യവസ്ഥ ചെയ്തിട്ടുണ്ടു്. കൈത്തറി നെയ്ത്തു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് കഴിവുള്ളതായ എല്ലാ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ടു്. ആവശ്യമുള്ളതായ നൂലു് ആവശ്യാനുസര

LIBRARY ARCHIVES Kerala Legislative Assembly

ണം അനുവദിക്കുന്നതിലേക്ക് കേന്ദ്രഗവണ്മെണ്ട് ടെക്സ്റ്റയിൽ കമ്മീഷണരോട് ഈ ഗവണ്മെണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇവിടത്തെ ഡിപ്പാർട്ട്മെണ്ടുകളുടെ ആവശ്യത്തിലേക്ക് നിവൃത്തിയുള്ളിടത്തോളം കൈത്തറി നെയ്ത്തുണികൾതന്നെ ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനും പുറമെ കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് കഴിവുള്ള പ്രോത്സാഹനങ്ങൾ നൽകി വരുന്നുണ്ട്.

(ബി) കുറെക്കാലം മുമ്പുവരെ യാതൊരു നിയന്ത്രണവും കൂടാതെ നൂല് കയറ്റുമതി ചെയ്യുന്നതിനു് അനുവദിച്ചിരുന്നു. കൂടാതെ ഇൻഡ്യയിലെ പരുത്തികൃഷി വളരെ മോശമായിരുന്നു. പിന്നെ പാകിസ്ഥാനിൽ നിന്നും പഴയതുപോലെ പരുത്തി ഇറക്കുമതി ചെയ്യുന്നില്ല. ഇതു മൂലം മില്ലുകൾക്ക് ആവശ്യമായ പരുത്തി കിട്ടാതെ വന്നിരുന്നു. ഇക്കാരണങ്ങളാൽ നൂലുല്പാദനം കുറയുകയും രാജ്യത്തു പൊതുവെ നൂലിനു് ക്ഷാമമുണ്ടാകയും ചെയ്തു. ഈ വക സംഗതികളെപ്പറ്റി തീരുമാനം ചെയ്യാനുള്ള പരമാധികാരം ഈ ഗവണ്മെണ്ടിനല്ല. ഇതെല്ലാമാണു് കൈത്തറി നെയ്ത്തുകാർക്കു നൂല കിട്ടുന്നതിനു് വിഷമം നേരിടാനുള്ള കാരണം എന്നു് ഗവണ്മെണ്ടു വിചാരിക്കുന്നു.

ശ്രീ. പി. നാണു: പരുത്തികൃഷി ഈ നാട്ടിൽ നടപ്പിലാക്കുന്നതിനു് എതെങ്കിലും നടപടി ഗവണ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. പി. നാണു : അതു് ഈ നാട്ടിൽ വിജയപ്രദമാക്കാൻ സാധിക്കയില്ലെന്നാണൊ ഗവണ്മെണ്ടു് വിചാരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റി സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ഐ. ജി., ഡി. എസ്. പി. എന്നിവരുടെ ശമ്പളസ്കെയിൽ

*വൃന്ദാവ. (ര ാ ഫ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പോലീസു ഡിപ്പാർട്ട്മെണ്ടിൽ reorganisation വരുത്തിയ അവസരത്തിൽ ഐ. ജി, ഡി. എസ്സ്. പി., എ. എസ്സ് പി. എന്നിവരുടെ ശമ്പളസ്കെയിലിൽ എന്തെങ്കിലും കൂട്ടുതൽ വരുത്തിയിട്ടുണ്ടോ;

(ബി) പോലീസു് ഡിപ്പാർട്ട്മെണ്ടിലെ ശമ്പളപരിഷ്കാരം സംബന്ധിച്ചു് ഐ. ജി. യോടോ ആ ഡിപ്പാർട്ട്മെണ്ടിൽ പരിശീലനമുള്ള മറ്റാരോടെങ്കിലുമോ അഭിപ്രായമോ ഹിപ്പോട്ടോ ആവശ്യപ്പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) ഇല്ല.

(ബി) ഇൻസ്പെക്ടർ ജനറലുമായി ആലോചിച്ചതിനു ശേഷമാണു് പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയതു്.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ഈ ശമ്പളസ്കെയിൽ പരിഷ്കരണം നടപ്പിലാക്കിയപ്പോൾ എ. എസ്സ്. പി. മാരുടേയും ഡി. എസ്സ്. പി. മാരുടേയും ശമ്പളസ്കെയിൽ സംബന്ധിച്ചു യാതൊരു വ്യത്യാസവും വരുത്താത്തതു് എന്തുകൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : ശമ്പളപരിഷ്കരണം നടത്തിയ കാലത്തു അതേപ്പറ്റി ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly